# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :4027 — 25.06.2018 ലെ മറുപടിയ്ക്ക്

## പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം

| | ചോദ്യം<br>ശ്രീ. വി.പി. സജീന്ദ്രൻ | | മറുപടി<br>ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം ദുർബലപ്പെടുത്തുന്ന 2018 മാർച്ച് 20-ാം തീയതിയിലെ സുപ്രീം കോടതി വിധി സംസ്ഥാനത്തെ അത്തരം കേസുകളെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; | (എ)<br>&<br>(ബി) | മുൻകൂർ ജാമ്യം അനുവദിക്കുന്നതിന് അനുകൂലമായുള്ള വിധി രാജ്യത്താകെ ഈ നിയമത്തിന്റെ പ്രയോഗത്തെ ദുർബ്ബലപ്പെടുത്തുമെന്ന് സർക്കാരിന് ആശങ്കയുണ്ട്.<br><br>എന്നാൽ നിലവിലുള്ള കേസുകളുടെ അന്വേഷണത്തെ ഈ വിധി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത വിധി, പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നതിനുള്ള സാഹചര്യം സംജാതമാക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | | |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം എത്ര പേർക്കെതിരെ കേസെടുത്തു; അതിൽ എത്ര പ്രതികൾ ശിക്ഷിക്കപ്പെട്ടു എന്ന് വ്യക്തമാക്കാമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 4807 പേർക്കെതിരെ കേസെടുത്തിട്ടുണ്ട്. അതിൽ 4 പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. |
| (ഡി) | സുപ്രീം കോടതി ഉത്തരവ് പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ സമർപ്പിച്ച ഹർജിയിൽ എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത്; വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാന സർക്കാർ ഫയൽ ചെയ്ത റിവ്യൂപെറ്റീഷനിൽ തീരുമാനമൊന്നും സർക്കാരിന് ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**